മലബാർ പ്രദേശത്തെ ഹോമിയോ ഡോക്ടർമാർ

356 [388] ശ്രീ. പി. ഭാസ്ക്കരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ പ്രദേശത്തെ ഹോമിയോ ഡോക്ടർമാരെ പോലീസുകാർ ഭീഷണിപ്പെടുത്തുന്നതായി വല്ല നിവേദനവും ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ?

ഉത്തരം

അനധികൃത മെഡിക്കൽ പ്രാക്ടീസ് നിരോധിക്കുന്നതിനായി, അംഗീകൃത വിദ്യാഭ്യാസയോഗ്യതയില്ലാതെയും, ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ഇല്ലാതെയും പ്രാക്ടീസു ചെയ്യുന്ന ഡോക്ടർമാർക്കെതിരെ നടപടികൈം കൈക്കൊള്ളാൻ സംസ്ഥാന പോലീസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് രജിസ്ട്രേഷനില്ലാതെ പ്രാക്ടീസ് ചെയ്യുന്ന മലബാർ പ്രദേശത്തെ ഹോമിയോ ഡോക്ടർമാരിൽനിന്നും ചില പരാതികൈം സർക്കാരിന് കിട്ടിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ആയുർവേദ കോളേജ്

357 [389] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൈക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് ആയുർവേദ കോളേജ് ആരംഭിക്കുവാൽ നടപടി സ്വീകരിക്കുമോ;

(ബി) വർഷങ്ങൈക്ക്മുൻപ് അവിടെ കോളേജ് പ്രവർത്തിച്ചിരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) നേരത്തെ കണ്ണൂരിൽ സഹകാര്യമേഖലയിൽ ഒരു ആയുർവേദ കോളേജും ആയുർവേദാശുപത്രിയും പ്രവർത്തിച്ചിരുന്നു.

കെമിക്കൽ എക്സാമിനേഴ്സ് ലാബറട്ടറി

358 [390] ശ്രീ. കെ. മൂസക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റാന്വേഷണ രംഗത്തെ മർമ്മപ്രധാനമായ കെമിക്കൽ എക്സാമിനേഴ്സ് ലാബറട്ടറിയുടെ പ്രവർത്തനം തികച്ചും ശാസ്ത്രീയവും, കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുമോ?

ഉത്തരം

അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly